മലയാള മനോരമ

6 November 2016

# ‘തീരനൈപുണ്യ’ പരിശീലന പരിപാടിക്കു തുടക്കം

## • മത്സ്യത്തൊഴിലാളി സ്ത്രീകളുടെ സാമൂഹിക– സാമ്പത്തിക ശാക്തീകരണം ലക്ഷ്യമിട്ടുള്ള പദ്ധതി

കൊച്ചി • മത്സ്യത്തൊഴിലാളി വനിതകളുടെ സാമൂഹിക-സാമ്പത്തിക ശാക്തീകരണം ലക്ഷ്യമാക്കി കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനം (സിഎംഎഫ്ആർഐ) നടത്തുന്ന 'തീരനൈപുണ്യ' പരിശീലന പരിപാടിക്കു തുടക്കമായി. ഫിഷറീസ് വകുപ്പിനു കീഴിൽ പ്രവർത്തിക്കുന്ന മത്സ്യത്തൊഴിലാളി വനിതാ സഹായക സംഘവുമായി (സാഫ്) ചേർന്നാണു രണ്ടു മാസത്തെ പരിശീലന പരിപാടി നടത്തുന്നത്.

സാഫ് എക്സിക്യൂട്ടീവ് ഡയറക്ടർ സി.ആർ.സത്യവതി ഉദ്ഘാടനം ചെയ്തു.

തുടർവിദ്യാഭ്യാസ പ്രോത്സാഹനം, തൊഴിൽ വൈദഗ്ധ്യം, വ്യക്തിത്വ വികസനം, നേതൃത്വപാടവ ശേഷി, സംരംഭകത്വം, ആശയവിനിമയ ശേഷി, മത്സരപരീക്ഷ പരിജ്ഞാനം തുടങ്ങിയ മേഖലകളിലാണു പരിശീലനം. ആദ്യ മാസം വിദഗ്ധരുടെ മേൽനോട്ടത്തിൽ ക്ലാസ്സും പരിശീലനവും തുടർന്നു തിരഞ്ഞെടുക്കുന്ന മേഖലകളിൽ പ്രായോഗിക പരിശീലനവും ലഭിക്കും.

വിദ്യാഭ്യാസ യോഗ്യതകൾക്കും അഭിരുചിക്കും അനുയോജ്യമായ സ്ഥാപനങ്ങൾ, സാങ്കേതിക സ്ഥാപനങ്ങൾ, ബിസിനസ് സംരംഭങ്ങൾ, മറ്റ് തൊഴിലിടങ്ങൾ എന്നിവിടങ്ങളിലായിരിക്കും പ്രായോഗിക പരിശീലനം.

തൊഴിൽ നേടാനും സാമ്പത്തിക സ്വാശ്രയത്വം കൈവരിക്കുന്നതിനും ഉതകുന്ന രീതിയിൽ കഴിവുകൾ വികസിപ്പിക്കുന്ന തരത്തിലാണു പരിപാടി ആസൂത്രണം ചെയ്തിരിക്കുന്നത്.



മൽസ്യത്തൊഴിലാളി കുടുംബങ്ങളിലെ വനിതകൾക്കു വേണ്ടി സിഎംഎഫ്ആർഐ സംഘടിപ്പിക്കുന്ന പരിശീലനപരിപാടിയിൽ സാഫ് എക്സിക്യൂട്ടിവ് ഡയറക്ടർ സി.ആർ.സത്യവതി പ്രസംഗിക്കുന്നു.

തീരനൈപുണ്യ പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ പരിശീലനം ലഭിച്ചവരിൽ ഭൂരിഭാഗം പേർക്കും ഇതിനകം തൊഴിൽ ലഭിച്ചിട്ടുണ്ടെന്ന് കോഴ്സ് ഡയറക്ടറും സിഎംഎഫ്ആർഐ പ്രിൻസിപ്പൽ സയന്റിസ്റ്റുമായ ഡോ. ശ്യാം എസ്. സലീം പറഞ്ഞു.

ഡോ. വിപിൻ കുമാർ, ഡോ വി .കൃപ, പി.മാജാ ജോസ് എന്നിവർ പ്രസംഗിച്ചു.